## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### സുഗമമായ ഭക്ഷ്യധാന്യ നീക്കം

4415 ശ്രീ. സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ നീക്കം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) എഫ്.സി.ഐ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, അംഗീകൃത റേഷൻ മൊത്ത വിതരണക്കാരുടെ സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുമായി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ചർച്ചയിൽ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികൾ</u>**

4416 ശ്രീ. സി. കൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ
'' പി. അയിഷാ പോറ്റി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതികൾ രൂപീകരിക്കുമെന്ന് സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ഇത് സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>റേഷൻ - വിഹിത ലഭ്യതയും വിതരണവും</u>**

4417 **ശ്രീ. ബെന്നി ബെഹനാൻ**
**,, എ. പി. അബ്ദുള്ളക്കുട്ടി**
**,, അൻവർ സാദത്ത്**
**,, ഐ. സി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **റേഷൻ സാധനങ്ങളുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനും വിതരണം സുഗമമാക്കുന്നതിനും കേന്ദ്ര സർക്കാരിനോട് എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;**

(ബി) **ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം ഉറപ്പാണ് ലഭിച്ചിട്ടുള്ളത്;**

(സി) **എഫ്. സി.ഐ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റേഷൻ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ**

4418 ശ്രീ. ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുളളത്;

(ബി) വൈദ്യുതി കണക്ഷൻ ഉളളവർക്കും ഇല്ലാത്തവർക്കും മണ്ണെണ്ണ വിതരണം ഉറപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിലവിൽ നല്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**മണ്ണെണ്ണ സബ്സിഡിയ്ക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന ഉത്തരവ്**

4419 **ശ്രീ. എ.കെ. ശശീന്ദ്രൻ**
'' **തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) മണ്ണെണ്ണ സബ്സിഡി ബാങ്ക് മുഖേന കാർഡ് ഉടമകൾക്ക് ലഭിക്കാൻ കാർഡ് ഉടമകൾ ബാങ്കിൽ അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് നടപ്പാക്കുന്നതിലെ പ്രായോഗിക വിഷമം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റേഷൻകടകൾവഴി ഭക്ഷ്യവസ്തുക്കളുടെ വിതരണം**

4420 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകൾ വഴി പലപ്പോഴും ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകൾ വഴി ഭക്ഷ്യവസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കടകൾ പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### നെല്ല് സംഭരണത്തിന്റെ കുടിശ്ശിക

T 4421 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് നൽകാനുള്ള നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഏക്കർ ഒന്നിന് എത്ര രൂപയാണ് ഉൽപ്പാദനബോണസ് ആയി നൽകുന്നത്;

(സി) നെല്ല് സംഭരണ തുക കിട്ടാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്;

(ഡി) നെല്ല് സംഭരണ കുടിശ്ശിക ഉണ്ടാകുവാനുള്ള ഭരണപരവും സാങ്കേതികവുമായ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>നെല്ലിന്റെ സംഭരണം</u>

T4422 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകരിൽ നിന്നും 2011 ഏപ്രിൽ മുതൽ നാളിതുവരെ എത്ര ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) നെല്ല് സംഭരണത്തിനായി എത്രകോടി രൂപ കഴിഞ്ഞ ബജറ്റിൽ നീക്കിവച്ചു എന്നും കേന്ദ്ര സഹായമായി എത്ര രൂപ അനുവദിച്ചു എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം</u>

4423 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ രണ്ടാം വിളയ്ക്ക് പാലക്കാട് ജില്ലയില്‍ നിന്ന് എത്ര രൂപയ്ക്കുള്ള നെല്ലാണ് സംഭരിച്ചത് എന്നു വ്യക്തമാക്കുമോ;

(ബി) ഇത് എത്ര കൃഷിക്കാരില്‍ നിന്നുമാണ് സംഭരിച്ചത്;

(സി) സംഭരിച്ച നെല്ലിന്റെ വില അവര്‍ക്ക് നല്‍കിയിട്ടുണ്ടോ; ആകെ എത്ര രൂപയാണ് നല്‍കിയിട്ടുള്ളത്;

(ഡി) ഇനിയും എത്ര രൂപയാണ് കൊടുത്തു തീര്‍ക്കുവാനുള്ളത്; പ്രസ്തുത തുക കൊടുത്തു തീര്‍ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**നെല്ല് സംഭരണത്തിന് സ്വകാര്യ മില്ലുകാര്‍**

**4424** **ശ്രീ. സി. കെ. സദാശിവന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ വിളവെടുപ്പ് സമയത്ത് സിവില്‍ സപ്ലൈസ് അധികൃതര്‍ നെല്ല് സംഭരണ ജോലി ഏതെങ്കിലും സ്വകാര്യ മില്ലുകാരെ ഏല്‍പ്പിച്ചിരുന്നുവോ; ഏതൊക്കെ സ്വകാര്യ മില്ലുകാരെയാണ് ഏല്‍പ്പിച്ചിരുന്നത് വ്യക്തമാക്കാമോ;

(ബി) ഈ മില്ലുകാര്‍ നെല്ലെടുക്കാത്തത് മൂലം കടുത്തുരുത്തി മാഞ്ഞൂര്‍ കുറിഞ്ഞിക്കാട്ട് പാടശേഖരത്തിലെ കര്‍ഷകര്‍ പ്രതിസന്ധിയിലായ വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കഴിഞ്ഞ വിളവെടുപ്പുകാലത്തെ നെല്ലുസംഭരണം**

**4425 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈക്കോയുടെ നേതൃത്വത്തിൽ കഴിഞ്ഞ വിളവെടുപ്പ് കാലത്ത് നെല്ല് സംഭരണം നടത്തിയിരുന്നുവോ;

(ബി) എത്ര ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യം ഇട്ടിരുന്നത്;

(ഡി) അയൽ സംസ്ഥാനമായ കർണാടകത്തിൽ നിന്ന് നെല്ല് സംഭരിക്കാൻ സപ്ലൈക്കോ തീരുമാനം കൈക്കൊണ്ടിരുന്നുവോ; എങ്കിൽ അവിടെ നിന്ന് എത്ര ടൺ നെല്ല് സംഭരിക്കാനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന് താങ്ങുവില എത്ര രൂപയായിരുന്നു; സംഭരിച്ച നെല്ലിന് കർഷകർക്ക് താങ്ങുവില നൽകിയോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>കൊല്ലം ജില്ലയിൽ നെല്ല് സംഭരണം</u>**

T4426 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെല്ല് സംഭരണത്തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) കഴിഞ്ഞ ആറ് മാസത്തിൽ എത്ര ടൺ നെല്ല് സംഭരിക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(സി) പ്രസ്തുത കാലയളവിൽ എത്ര ടൺ നെല്ല് സംഭരണം നടത്തിയിട്ടുണ്ട്;

(ഡി) നെല്ല് സംഭരണത്തിന് കർഷകർക്ക് ലഭ്യമാക്കാനുള്ള തുക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; അടിയന്തിരമായി പ്രസ്തുത തുക കർഷകർക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ബി. പി. എൽ. റേഷൻ കാർഡ്**

**4427 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിലെ ബി. പി. എൽ. സെൻസസ് മുഖാന്തിരം പഞ്ചായത്തുകളിലെ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ട പാവപ്പെട്ട നിരവധി ജനങ്ങൾ ഇപ്പോഴും എ. പി. എൽ. കാർഡ് ഉടമകളായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പാവപ്പെട്ട ജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം അവർക്ക് ലഭിക്കാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ബി. പി. എൽ. റേഷൻകാർഡ് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിലെ ബി. പി. എൽ. റേഷൻ കാർഡിനുള്ള അപേക്ഷകർ**

**4428 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എ. പി. എൽ. പട്ടികയിൽ ഉൾപ്പെട്ട അർഹരായ ബി. പി. എൽ. കുടുംബങ്ങൾക്ക് പുതിയ റേഷൻകാർഡിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ ഇതുവരെ എത്ര എണ്ണത്തിൽ തീർപ്പുകൽപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ലഭിച്ച അപേക്ഷകളിൽ എത്ര എ. പി. എൽ. കുടുംബാംഗങ്ങളെ ബി. പി. എൽ. പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റേഷൻകാർഡുടമകൾക്ക് സബ്സിഡിനിരക്കിൽ ഭക്ഷ്യധാന്യം</u>

**4429** ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുമ്പോൾ വിലയിലുണ്ടാകുന്ന അന്തരം ഫുഡ് കോർപ്പറേഷന് നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷം എത്ര തുക ആവശ്യമായി വരും ;

(ബി) സംസ്ഥാനത്ത് എത്ര കാർഡുടമകൾക്കാണ് സബ്സിഡിനിരക്കിൽ ഭക്ഷ്യധാന്യം നൽകി വരുന്നത് ;

(സി) റേഷൻകടകളിൽനിന്നും കാർഡുടമകൾ കൈപ്പറ്റാത്ത ധാന്യങ്ങൾക്കും സർക്കാർ സബ്സിഡി നല്കിവരുന്ന എന്ന കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം കുറ്റമറ്റരീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റേഷൻ സാധനങ്ങളുടെ അനധികൃത കടത്ത്**

4430 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; എത്ര കേസുകൾ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ ;

(ബി) ഇത്തരം കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(സി) റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ വിദൂര നിരീക്ഷണത്തിനായുള്ള ഗ്ലോബൽ പൊസിഷനിംഗ് സംവിധാനത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ ; എന്നുമുതൽ ഈ പദ്ധതി ആരംഭിയ്ക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റേഷൻ വ്യാപാരികളുടെ സേവന വേതന വ്യവസ്ഥകൾ</u>

4431 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികളുടെ സേവന വേതന വ്യവസ്ഥകൾ പുനക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മുൻ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി 28-8-2011-ലെ പത്രസമ്മേളനത്തിൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചതായി നടത്തിയ പ്രസ്താവന പ്രകാരമുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പൊന്നാനി, തിരൂർ, തിരൂരങ്ങാടി താലൂക്കുകളിൽ റേഷൻ സാധനങ്ങളുടെ ദൗർലഭ്യം**

**4432 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം എഫ്.സി.ഐ ഗോഡൗണിൽ റയിൽവേ ഭക്ഷ്യധാന്യങ്ങൾ കൃത്യമായി ഇറക്കാത്തതുമൂലം പൊന്നാനി, തിരൂർ, തിരൂരങ്ങാടി എന്നീ താലൂക്കുകളിലെ റേഷൻ കടകളിൽ ഭക്ഷ്യധാന്യങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(സി) റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്ക് വഴി നൽകുമെന്ന കേന്ദ്രസർക്കാർ തീരുമാനം കേരളത്തിൽ നടപ്പാക്കുമോ; ഇത് ക്രമേണ സംസ്ഥാനത്തെ റേഷൻ ഷാപ്പുകൾ പൂട്ടുന്നതിന് ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഈ നയത്തോട് സർക്കർ യോജിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>റേഷൻ സാധനങ്ങളുടെ ലഭ്യത</u>**

4433 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**റേഷൻ ഗോതമ്പ് കൂടുതൽ അളവിൽ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റേഷന്‍ ഡീലര്‍മാരുടെ പ്രശ്നങ്ങള്‍</u>

4434 **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റേഷന്‍ ഡീലര്‍മാര്‍ സമര പ്രഖ്യാപനം നടത്തിയിട്ടുളളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ അവരുടെ ന്യായമായ ആവശ്യങ്ങള്‍ അംഗീകരിക്കുവാനും റേഷന്‍ മുടങ്ങിയാല്‍ പൊതുജനങ്ങള്‍ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ പരിഹരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ പുതിയ മാവേലി സ്റ്റോറുകൾ**

4435 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ പുതുതായി ആരംഭിച്ച മാവേലി സ്റ്റോറുകൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പുതിയതായി ആരംഭിച്ച സിവിൽ സപ്ലൈസ് ചില്ലറ വില്പനശാലകൾ**

4436 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര മൊബൈൽ മാവേലി സ്റ്റോറുകളാണ് ആരംഭിച്ചത്?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**മാവേലി ഹോട്ടലുകൾ**

**4437 ശ്രീ. കെ. ശിവദാസൻ നായർ**
**,, വർക്കല കഹാർ**
**,, വി. റ്റി. ബൽറാം**
**,, ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് നിലവിലുള്ള മാവേലി ഹോട്ടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;**

(ബി) **കൂടുതൽ മാവേലി ഹോട്ടലുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?**

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ മാവേലി സ്റ്റോറുകൾ**

4438 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയിൽ പുതുതായി എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചു; ഓരോന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ, സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പുതുതായി എവിടെയൊക്കെയാണ് സ്റ്റോറുകൾ ആരംഭിക്കുന്നതെന്നും അവയുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മഞ്ചേശ്വരത്തെ റേഷൻ വിതരണം**

**4439** **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഇടയ്ക്കിടയ്ക്ക് റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീലേശ്വരം എഫ്. സി. ഐ - യിൽ നിന്ന് യഥാസമയം മഞ്ചേശ്വരം ഭാഗങ്ങളിലെ റേഷൻ കടകളിൽ റേഷൻ സാധനങ്ങൾ എത്തുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) മഞ്ചേശ്വരത്തെ റേഷൻ കടകൾക്ക് മംഗലാപുരം എഫ്. സി. ഐ - യിൽ നിന്നും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നത് കുടുതൽ സൗകര്യപ്രദമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; അതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**പട്ടണങ്ങളിലെ/മെഡിക്കൽ കോളേജ് പരിസരത്തെ ഭക്ഷണശാലകൾ**

**4440** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും ആശുപത്രികൾക്ക് സമീപവും ഉള്ള ബഹുഭൂരിപക്ഷ കച്ചവടസ്ഥാപനങ്ങളും ഭക്ഷണശാലകളും ജനങ്ങളിൽ നിന്നും അമിതമായ വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തുനടപടി കൈക്കൊള്ളുമെന്ന് പറയുമോ;

(ബി) കോട്ടയം മെഡിക്കൽ കോളേജിന്റെ പരിസരങ്ങളിലുള്ള ഭക്ഷണശാലകളിലെയും മെഡിക്കൽ കോളേജ് ക്യാന്റീൻ അടക്കമുള്ള സ്ഥാപനങ്ങളിലെയും സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നത് ആരാണെന്ന് പറയുമോ; അമിത വില ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാനും സപ്ലൈകോയുടെ ഉടമസ്ഥതയിൽ നല്ല ഗുണനിലവാരത്തിലും മിതമായ വിലയിലും ഭക്ഷണസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പച്ചക്കറി വിലവർദ്ധന</u>

T 4441 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പച്ചക്കറിയുത്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

വിലക്കയറ്റം തടയാൻ 'ഒറ്റതവണ പദ്ധതി സഹായം'

4442 ശ്രീ. എ.കെ. ബാലൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. എ.എം. ആരിഫ്
'' ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റം ഉണ്ടായിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ''ഒറ്റതവണ പദ്ധതി സഹായം'' ആവിഷ്ക്കരിക്കുമെന്ന് സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടിയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ;

(ഡി) എന്താണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>സപ്ലൈകോ പാചക വാതക വിതരണ കേന്ദ്രങ്ങൾ</u>**

**4443** **ശ്രീ. എ. എ. അസീസ്**
**'' കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിൽ എത്ര പാചക വാതക കേന്ദ്രങ്ങളാണുള്ളത് ;

(ബി) ഇവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയിലും കൂടുതൽ പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ**

**4444**

**ശ്രീ. സി. കെ. നാണു**
**,, ജോസ് തെറ്റയിൽ**
**,, മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സപ്ലൈകോ നേരിട്ട് വിപണിയിൽ എത്തിക്കുന്ന ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ആവശ്യാനുസരണം ലഭിക്കുന്നുണ്ടോ;**

(ബി) **ഇല്ലെങ്കിൽ ഇവയുടെ ക്ഷാമത്തിന് കാരണം എന്താണെന്ന് വിശദമാക്കാമോ;**

(സി) **സിവിൽ സപ്ലൈസ് കോർപ്പറേഷന് നല്ല ലാഭം നേടിക്കൊടുക്കുന്ന ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണനത്തിന് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സപ്ലൈകോയുടെ കീഴിലുള്ള പെട്രോൾ ബങ്കുകൾ**

4445 **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, വി. റ്റി. ബൽറാം**
**,, ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിലുള്ള പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;**

(ബി) **എല്ലാ താലൂക്കുകളിലും പെട്രോൾ ബങ്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;**

(സി) **ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?**

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**സിവിൽ സപ്ലൈസ് പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം**

**4446** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പെട്രോൾ പമ്പുകളിലെ ജീവനക്കാരിൽ 16 മണിക്കൂർ ജോലി ചെയ്യുന്നവർക്ക് 2 ഷിഫ്റ്റും 24 മണിക്കൂർ ജോലി ചെയ്യുന്നവർക്ക് 3 ഷിഫ്റ്റും ആക്കി മാറ്റിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽപറഞ്ഞ ജീവനക്കാർക്ക് സർക്കാർ അവധികൾ ബാധകമാക്കിയിട്ടുണ്ടോ;

(സി) ബാധകമാക്കിയിട്ടില്ലെങ്കിൽ ഇവർക്ക് ഹോളിഡേ വേജസ് കൊടുത്തിട്ടുണ്ടോ;

(ഡി) കൊടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 –ലെ മറുപടിക്ക്

**<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ തസ്തികകൾ</u>**

**4447 ശ്രീ. എം.എ. വാഹീദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ തസ്തികകൾ സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വികലാംഗർക്ക് 3% സംവരണം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സിവിൽ സപ്ലൈസ് പെട്രോൾ പമ്പുകളിലെ വികലാംഗരായ ജീവനക്കാരുടെ ജോലിസമയം സംബന്ധിച്ചും അവർക്ക് അനുവദിച്ചിട്ടുള്ള അവധികൾ സംബന്ധിച്ചും ഉള്ള വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സപ്ലൈകോയിലെ വിവിധ തസ്തികകൾ**

**4448 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ ഭക്ഷ്യ വകുപ്പുമന്ത്രി സപ്ലൈകോയുടെ നവീകരണത്തിനായി പഠന റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ച ബിദുകുമാർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സപ്ലൈകോയിൽ കോർപ്പറേഷൻ ജീവനക്കാർക്കായുള്ള ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിൽ സെയിൽസ്മാൻ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡം എന്താണ്; എത്ര സെയിൽസ്മാൻമാർ ഇപ്പോൾ സപ്ലൈകോയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സപ്ലൈകോ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പെട്രോൾ പമ്പുകൾ തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ്?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സപ്ലൈകൊ- ഉയർന്ന തസ്തികകളിലുള്ള ഒഴിവുകൾ</u>

4449 ശ്രീ. പി.റ്റി.എ. റഹിം
'' കെ.വി. വിജയദാസ്
'' സാജു പോൾ
'' രാജുഎബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ഏതെല്ലാം ഉയർന്ന തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സപ്ലൈകോയുടെ പ്രവർത്തനത്തെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡിമാന്റ് അനുസരിച്ച് നിയമാനുസൃതം പർച്ചേസ് നടത്താത്തതിനാൽ മാവേലിസ്റ്റോറുകളിൽ സ്റ്റോക്കില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>മുദ്രപത്ര മാഫിയ</u>

4450 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ കേന്ദ്രീകരിച്ച് വ്യാജ മുദ്രപ്പത്ര മാഫിയ പ്രവർത്തിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം</u>

4451 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 01.06.2012 വരെ രജിസ്ട്രേഷൻ വകുപ്പ് മുഖേന സംസ്ഥാന ഖജനാവിനുണ്ടായ വരുമാനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവു വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രം കുറവുവന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ഖജനാവിലേക്ക് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരം 2006 മുതൽ 2011 മാർച്ച് മാസംവരെ ലഭിച്ച വരുമാനത്തിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) 2011 ജൂൺ മുതൽ 2012 മേയ് മാസംവരെ എന്ത് തുകയാണ് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ന്യായവില നടപ്പിലാക്കാത്ത ഏതെല്ലാം പ്രദേശങ്ങൾ ആണ് നിലവിലുള്ളത്; പ്രസ്തുത പ്രദേശങ്ങൾ എന്തുകൊണ്ടാണ് ന്യായവില നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ;

(ഇ) ന്യായവില നടപ്പിലാക്കാത്തത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ ന്യായവില സംവിധാനം അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ വിലയാധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ എത്ര തുകയാണ് ഫീസായി ചുമത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ജി) സംസ്ഥാനത്തെ സെറ്റിൽമെന്റ് ഡീഡുകൾക്ക് എത്ര രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്; ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് നിശ്ചയിച്ചത്; പ്രസ്തുത ഫീസ് നിർണ്ണയത്തിൽ അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**രജിസ്ട്രേഷൻ സോഫ്റ്റ് വെയറിന്റെ പരിഷ്കരണം**

**4452 ശ്രീ. ഷാഫി പറമ്പിൽ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, കെ. ശിവദാസൻ നായർ**
**,, സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ പരിഷ്കരിച്ച് കൂടുതൽ സൗകര്യപ്രദമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ഓഫീസുകളിൽ ഓൺലൈൻ സംവിധാനം</u>**

**4453 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിലാണ് പുതുതായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ**

**4454 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വസ്തുക്കളുടെ റിക്കാർഡ് ഓഫ് റൈറ്റ്സ് (ആർ.ഒ.ആർ)നായി വകുപ്പ് നടപ്പാക്കുന്ന ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഓൺ ലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് സോഫ്ട്വെയർ തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; ഏതെല്ലാം ജില്ലകളിലാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്;

(സി) പ്രസ്തുത പരാതിയിന്മേൽ ഉയർന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ</u>

**4455 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മയ്യിൽ, ചപ്പാരപ്പടവ് എന്നീ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ സ്ഥാപിക്കുന്നതിനായി സ്ഥലസൗകര്യം ഒരുക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നിർദ്ദേശമനുസരിച്ച് ജില്ലാ രജിസ്ട്രാർ സാധ്യതാ പഠനം നടത്തുകയും തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം കെട്ടിടസൗകര്യം ഒരുക്കാൻ പഞ്ചായത്ത് ഭരണസമിതിക്ക് കത്തു നല്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആധാരം എഴുത്തുകാരുടെ പെൻഷൻ പദ്ധതി**

4456 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആധാരം എഴുത്തുകാർക്കുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പെൻഷൻ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ ഭൂമിയുടെ ഫെയർ വാല്യു പുനർ നിർണ്ണയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ ഭൂമിയുടെ രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി പുനർനിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**ഫെയർവാല്യൂ നിർണ്ണയം സംബന്ധിച്ച പരാതികൾ**

4457 ശ്രീ പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഫെയർവാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് എത്ര പരാതികളിന്മേൽ തീർപ്പു കല്പിച്ചിട്ടുണ്ട് എന്ന് അറിയിയ്ക്കാമോ?